**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4182** | **25-06-2018 ലെ മറുപടി**

## ജല ഉപയോഗം ക്രമീകരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ** | | **മാത്യൂ.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ശുദ്ധജല ലഭ്യത ക്രമാതീതമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ജല ഉപയോഗം ക്രമീകരിക്കുന്നതിനായി ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ജലമലിനീകരണം, വർദ്ധിച്ച ജനസാന്ദ്രത, ഭൂവിനിയോഗത്തിലെ മാറ്റം, ജല ഉപയോഗത്തിൽ വന്ന മാറ്റം, ജീവിതശൈലിയിലെ മാറ്റം തുടങ്ങിയ ഘടകങ്ങളുടെ ഫലമായി ജലലഭ്യത കുറഞ്ഞു വരുന്നു. ഇക്കാര്യങ്ങൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യുന്നതിനും വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിൽ പ്രധാനം ജലദിനം (മാർച്ച് 22), തണ്ണീർത്തടദിനം (ഫെബ്രുവരി 2), ലോക പരിസ്ഥിതി ദിനം (ജൂൺ 5) എന്നിവയോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളാണ്.<br><br>ജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും ഉപയോഗം പരിമിതപ്പെടുത്തുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവത്കരണം എന്നിവ ആസൂത്രണം ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി സ്റ്റേറ്റ് പ്ലാൻ 2017-18 ൽ കേരള ജല അതോറിറ്റിയ്ക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഇതു സംബന്ധിച്ച പ്രചാരണം വാട്ടർ ബില്ല്, ക്യാമ്പസുകളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, എൽ.ഇ.ഡി ബോർഡുകൾ തുടങ്ങിയവ വഴി നടത്തുന്നുണ്ട്.<br><br>ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സാക്ഷരതാ മിഷൻ അതോറിറ്റി, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലമാണ് ജീവൻ എന്ന ക്യാമ്പയിൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു. ഇതിനായി വിശദമായ ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ കുടുംബശ്രീ യൂണിറ്റുകൾ വഴിയും ഗ്രന്ഥശാലകൾ വഴിയും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ഹരിത കേരളം മിഷൻ സംസ്ഥാനത്തെ സ്കൂളുകളിൽ സംഘടിപ്പിച്ചിട്ടുള്ള ഹരിതോത്സവത്തിന്റെ ഭാഗമായും ഇത്തരം പ്രചാരണങ്ങൾ നടത്തുന്നുണ്ട്.<br><br>ഹരിതകേരളം മിഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചും സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചും തിരുവനന്തപുരത്ത് സംസ്ഥാനാടിസ്ഥാനത്തിലും മറ്റ് എല്ലാ ജില്ലകളിലും ലോക കേരളസഭയുടെ ഭാഗമായി സംഘടിപ്പിച്ച വസന്തോത്സവത്തിൽ കനകക്കുന്നിലും പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി പെരിന്തൽമണ്ണയിലും വളരെ ശ്രദ്ധേയവും ആകർഷകവുമായ രീതിയിൽ പ്രദർശനങ്ങൾ |
| (ബി) | എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | | |

സംഘടിപ്പിച്ചും പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. ഇതുകൂടാതെ ഹരിത സംഗമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ശ്രദ്ധേയമായ പ്രദർശനങ്ങൾ സംഘടിപ്പിച്ചിരുന്നു. ജലസംരക്ഷണത്തിന്റെ ആവശ്യകത വിഷയമാക്കി ഹ്രസ്വ ആനിമേഷൻ വീഡിയോകൾ നിർമ്മിക്കുകയും സമൂഹ മാധ്യമമുൾപ്പെടെ വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ജല ഉപയോഗം ക്രമീകരിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ കൂടിയുൾപ്പെടുന്ന ഗാനങ്ങൾ അടങ്ങിയ സി.ഡി തയ്യാറാക്കുകയും പ്രസ്തുത ഗാനങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ജലസംരക്ഷണവും ജലമിതവ്യയവും പ്രധാന ചർച്ചാ വിഷയമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡടിസ്ഥാനത്തിൽ ജലപാർലമെന്റുകൾ സംഘടിപ്പിച്ചു.

ജലനിധി പഞ്ചായത്തുകളിൽ ബോധവൽക്കരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃസമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത് തുടർച്ചയായി നടക്കുകയും ചെയ്യുന്നു. ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളെ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനെക്കുറിച്ചും ബോധവൽക്കരിക്കുന്നതിന് സ്കൂൾ തലത്തിൽ ജലശ്രീക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്. കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ, ജലശ്രീക്ലബ്ബുകൾ, മറ്റ് സാമൂഹിക സമിതികൾ എന്നിവയെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും, ജനസമ്പർക്ക പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

ജനങ്ങളെ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന ശീലത്തിലേയ്ക്ക് ബോധവൽക്കരണ പരിപാടിയിലൂടെ കൊണ്ടു വരുന്നതിൽ ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖ്യ പങ്കുവഹിക്കുന്നുണ്ട്. സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത വിഷയത്തെ ആസ്പദമാക്കി ജനങ്ങൾക്ക് ബോധവല്കരണ സെമിനാറുകൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെ പ്രചരിപ്പിക്കുന്നതിനു വേണ്ടി മാതൃകാ മഴവെള്ള സംഭരണികൾ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലും ഗ്രാമ പഞ്ചായത്തുകളിലും നിർമ്മിച്ചു നല്കുന്നു. ജലസംരക്ഷണം, ഭൂജലപരിപോഷണം എന്നിവയ്ക്കുള്ള പ്രചരണ പരിപാടികൾ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റും (CCDU) നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ